പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3919

24.6.2014 ൽ
മറുപടിയ്ക്ക്

# ഐ.ടി മേഖലയിലെ നേട്ടങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. മോയിൻകുട്ടി ;<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ;<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ ;<br>ശ്രീ. പി.കെ.ബഷീർ ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) ഐ.ടി. വിപണിയിൽ സംസ്ഥാനത്തിന് അർഹമായ സ്ഥാനം നേടിയെടുക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഐ.ടി. വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും ഐ.ടി. വ്യവസായ വികസനത്തിനുമായി നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. അവയിൽ പ്രധാനമായത് ഐ.ടി. രംഗത്തെ വളർച്ചയ്ക്കായി ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിനും അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങൾക്കൊപ്പം ഐ.ടി.വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായുള്ള സർക്കാറിന്റെ പുതിയ ഐ.ടി. നയമാണ്. വിവരസാങ്കേതിക വിദ്യയിൽ കേരളത്തിന്റെ സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്.<br><br>കഴിഞ്ഞ 3 വർഷങ്ങളിലായി സംസ്ഥാന സർക്കാർ തങ്ങളുടെ ഐ.ടി. പാർക്കുകളുടെ ബ്രാൻഡ് പ്രൊമോട്ട് ചെയ്യുന്നതിനോടൊപ്പം തന്നെ പുതിയ ഐ.ടി. സംരംഭകരെ കൂടി ഐ.ടി. പ്രതിനിധി സംഘത്തിലുൾപ്പെടുത്തി യൂറോപ്പ്, ഓസ്ട്രേലിയ, മിഡിൽ ഈസ്റ്റ് തുടങ്ങിയ രാജ്യങ്ങളിലെ ഐ.ടി. മേളകളിലും മറ്റും പങ്കെടുക്കുന്നതിനായി അവസരം നൽകി. ദേശീയ/അന്തർദേശീയ തലത്തിൽ സംസ്ഥാനത്തെ ഐ.ടി. കമ്പനികൾ കൂടുതൽ ശ്രദ്ധിക്കപ്പെടുവാനും നിരവധി പുതുസംരംഭങ്ങൾക്ക് അവസരം ഒരുക്കുവാനും ഇതു മൂലം സാധിച്ചു. |
| ബി) ഐ.ടി. പാർക്കുകളുടെ നിർമ്മാണത്തിലും, ഐ.ടി. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിലും കൈവരിക്കാനായ നേട്ടങ്ങൾ വ്യക്തമാക്കുമോ? | ബി) | തിരുവനന്തപുരം ടെക്നോപാർക്കിന് കീഴിൽ 2010-11 കാലയളവു വരെ ആകെ നിർമ്മിത സ്ഥലം 46,50,000 ചതുരശ്ര അടി ആയിരുന്നത് 2013 ജൂണോടുകൂടി 72,00,000 ചതുരശ്ര അടിയായി വർദ്ധിപ്പിക്കുവാനും അതിനു കീഴിലെ യൂണിറ്റുകളുടെ എണ്ണം 200-ൽ നിന്നും 336 ആയി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. അതുപോലെ മേൽകാലയളവിൽ ടെക്നോപാർക്കിന് കീഴിലെ കമ്പനികളിൽ നേരിട്ട് ജോലി ചെയ്യുന്നവരുടെ എണ്ണം 30000-ൽ നിന്നും 45385 ആയി വർദ്ധിച്ചിട്ടുണ്ട്. 2011-12 മുതൽ 2013 ജൂൺ വരെ ടെക്നോപാർക്ക് ഉദ്ദേശം 9683 കോടി രൂപയുടെ വരുമാനമുണ്ടാക്കുകയും ചെയ്തു. കൊച്ചി ഇൻഫോപാർക്കിന് കീഴിലുള്ള കൊരട്ടി ക്യാംപസിൽ 3.3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഇൻഫോപാർക്ക് കൊച്ചി രണ്ടാംഘട്ടത്തിന്റെ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇൻഫോപാർക്കിന്റെ പാർക്കുകളിലായി 23000 പേർ ജോലി ചെയ്യുന്നു. 2016 ആകുമ്പോൾ 50000 തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |

കെ.എസ്.ഐ.ടി.ഐ.എല്ലിന് കീഴിലുള്ള കണ്ണൂർ, കാസർഗോഡ് ഐ.ടി. പാർക്കുകൾക്ക് വേണ്ടി ഏറ്റെടുത്ത സ്ഥലത്തിന്റെ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായി വരുന്നു. ഇവിടങ്ങളിൽ 50000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി മന്ദിരങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ നടന്നുവരുന്നു. കോട്ടയം ജില്ലയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ക്യാമ്പസിനുള്ള സ്ഥലമെടുപ്പ് നടപടികൾ ദ്രുതഗതിയിൽ നടന്നു-വരുന്നു. ഇവിടെ ഇൻഫോസിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഐ.ടി. രംഗത്തെ ഉദ്യോഗാർത്ഥികളുടെ സാങ്കേതിക മികവ് കൂട്ടുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ വിഭാവനം ചെയ്തിട്ടുള്ള രണ്ട് വർഷത്തിനുള്ളിൽ 5000 പേർക്ക് പരിശീലനം നൽകുന്നതിനുദ്ദേശിച്ചുള്ള ICT അക്കാഡമിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കും.

പുതിയ ഐ.ടി. നയപ്രകാരം 2020 ഓടെ 5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിനാവശ്യമായ ആഗോള നിലവാരമുള്ള ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയാണ് തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നീ ഹബ്ബ് പാർക്കുകളുടെയും കൊല്ലം, ചേർത്തല, കൊരട്ടി, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ സ്പോക്ക് പാർക്കുകളുടെയും വികസനം വഴി ഉദ്ദേശിക്കുന്നത്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ